Lalith Babu

**ഓഫീസുകളിൽ നിന്നും ബഹു. മന്ത്രിക്കു സമർപ്പിക്കേണ്ട കത്തുകളും റിപ്പോർട്ടുകളും പ്രൈവറ്റ് സെക്രട്ടറിയുടെ പേരിലാണ് അയക്കേ ണ്ടത്**

## റവന്യൂ (എഫ്) വകുപ്പ്

### സർക്കുലർ

നമ്പർ 78827/എഫ്3/97/ആർ. ഡി. തീയതി, തിരുവനന്തപുരം, 1997 ഡിസംബർ, 2.

വിഷയം:- സർക്കാരിലേക്കയയ്ക്കുന്ന റിപ്പോർട്ടുകൾ/കത്തുകൾ സംബന്ധിച്ച്.

റവന്യൂ വകുപ്പിന്റെ കീഴിലുള്ള ചില വകുപ്പു മേധാവികൾ റവന്യൂ വകുപ്പ് മന്ത്രിക്ക് നേരിട്ട് റിപ്പോർട്ടുകൾ/കത്തുകൾ അയയ്ക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിരിക്കുന്നു. സെക്രട്ടറിയേറ്റ് ഇൻസ്ട്രക്ഷൻസ് 89-ാം ഖണ്ഡികയനുസരിച്ച് മന്ത്രി നേരിട്ട് റിപ്പോർട്ട് ആവശ്യപ്പെട്ടാൽ വകുപ്പു വഴി സമർപ്പിക്കേണ്ടതും പകർപ്പ് നേരിട്ട് മന്ത്രിക്ക് അയയ്ക്കേണ്ടതുമാണ്. മന്ത്രിയ്ക്കുള്ള റിപ്പോർട്ടുകൾ/കത്തുകൾ പ്രൈവറ്റ് സെക്രട്ടറിയുടെ പേരിലേയ്ക്കയയ്ക്കുകയാണ് ഉചിതം. അതിനാൽ മേലിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള വകുപ്പു മേധാവികൾ റിപ്പോർട്ടുകൾ/കത്തുകൾ എന്നിവ സെക്രട്ടറിയേറ്റിലുള്ള വകുപ്പു വഴി മാത്രമേ സമർപ്പിക്കാവൂ എന്ന് ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. മന്ത്രിയ്ക്കു സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ പ്രൈവറ്റ് സെക്രട്ടറിയുടെ പേരിൽ മാത്രമേ അയയ്ക്കാവൂ എന്നും ഇതിനാൽ അറിയിക്കുന്നു.

(ഒപ്പ്)

അഡീഷണൽ സെക്രട്ടറി.